"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ദേശീയ/സംസ്ഥാന പാതയോരങ്ങളിലെ ജൈവ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പ്രത്യേക ശുചീകരണ യജ്ഞം സംഘടിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.197/2020/LSGD തീയതി,തിരുവനന്തപുരം, 24/01/2020

പരാമർശം:- 1 ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 13.01.2020-ൽ ചേർന്ന വീഡിയോ കോൺഫറൻസിലെ തീരുമാനം

**ഉത്തരവ്**

ദേശീയ പാതകളിലും, സംസ്ഥാന പാതയോരങ്ങളിലും അലക്ഷ്യമായി നിക്ഷേപിച്ചിരിക്കുന്ന ജൈവ-അജൈവമാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ 2020 ജനുവരി 25 ന് വൃത്തിയാക്കുന്നതിന് ശുചീകരണ യജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി ദേശീയ-സംസ്ഥാന പാത കടന്നു പോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ യോഗം അതാത് ജില്ലാ കളക്ടർമാർ വിളിച്ച ചേർത്തിരുന്നു.

2. ദേശീയ പാതകളിലും, സംസ്ഥാന പാതയോരങ്ങളിലും അലക്ഷ്യമായി നിക്ഷേപിച്ചിരിക്കുന്ന ജൈവ-അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ 2020 ജനുവരി 25-ന് നടത്തപ്പെടുന്ന ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി താഴെ പറയുന്ന നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. സംസ്ഥാന-ദേശീയ പാതകൾ കടന്നു പോകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും, വൃത്തിയാക്കൽ നടത്തേണ്ട സ്ഥലവും സമയവും നിശ്ചയിക്കേണ്ടതുമാണ്.

ii. **2020 ജനുവരി 25-ന് രാവിലെ 10.00 മണിക്ക്** പദ്ധതിയുടെ ഔപചാരികമായ ഉദ് ഘാടനം നടത്തേണ്ടതാണ്.

iii. ഓരോ പ്രദേശത്തും സംഭരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കേണ്ടതും, ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റിംഗിനായി ഉപയോഗിക്കേണ്ടതും, അജൈവ മാലിന്യങ്ങൾ തൊട്ടടുത്ത മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ സൂക്ഷിക്കേണ്ടതും അവയില്ലാത്ത പക്ഷം താൽകാലികമായി സ്ഥലം കണ്ടെത്തി സൂക്ഷിച്ച് ക്ലീൻ കേരള കമ്പനി, സ്ക്രാപ്പ് വ്യാപാരികൾ എന്നിവർക്ക കൈമാറേണ്ടതുമാണ്.

iv. ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി **കിലോഗ്രാമിന് 7.00 രൂപ** നിരക്കിൽ, ചെലവിന്റെ വിശദാംശങ്ങൾ ശുചിത്വ മിഷനിൽ സമർപ്പിക്കുന്ന മുറക്ക് നൽകുന്നതാണ്. അധികം ചെലവാകുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.

v. ജില്ലാ കളക്ടർമാർ അതത് ജില്ലയിൽ നടത്തുന്ന ശുചീകരണ യജ്ഞത്തിന് നേതൃത്വം നൽകേണ്ടതാണ്.

vi. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും നടക്കുന്ന പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ (ശുചീകരണ യജ്ഞം സംഘടിപ്പിക്കുന്നതിന് മുൻപുള്ള അവസ്ഥയും ആയതിന് ശേഷമുള്ള അവസ്ഥയും വ്യക്തമാക്കുന്നത്) സഹിതമുള്ള റിപ്പോർട്ട്, ചെലവായ തുകയെ സംബന്ധിച്ച വിവരങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ശുചിത്വ മിഷന് കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും.(ശുചിത്വ മിഷൻ മുഖേന)
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA R CHANDRA
Date: 2020.01.24 16:36:10 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്